LIBRARY ARCHIVES Kerala Legislative Assembly

മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി

26 (*776) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ആവശ്യപ്പെട്ട് ഏതെങ്കിലും സംസ്ഥാനത്തിന് കത്തെഴുതിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് കത്തെഴുതിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കത്തുകൾക്ക് ഏതെങ്കിലും സംസ്ഥാനത്തുനിന്ന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത സംസ്ഥാനങ്ങൾക്ക് മുമ്പാകെ വച്ചിട്ടുള്ളത് ; ഇതുപ്രകാരം എത്രമാത്രം വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ-സി) നിലവിൽ കേരളത്തിന്റെ ആഭ്യന്തര ഉപയോഗം നിറവേറ്റുന്നതിനായി വൈദ്യുതി ലഭിക്കാതെ വരികയും ഈ കാലയളവിൽ തമിഴ്നാട്ടിൽ വൈദ്യുതി അധികമായി ലഭിക്കാൻ സാധ്യത മുന്നിൽ കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ ആഭ്യന്തര ആവശ്യം കഴിഞ്ഞു വരുന്ന വൈദ്യുതി വാങ്ങാൻ കേരളം തയ്യാറാണെന്ന് കാണിച്ച് ഒരു കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് 18-6-2014-ൽ അയച്ചിട്ടുണ്ട്. എന്നാൽ ഇതിന് മറുപടി ലഭിച്ചിട്ടില്ല. തമിഴ്നാട് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലും വ്യവസ്ഥകൾക്കും അനുസരിച്ച് പ്രസ്തുത വൈദ്യുതി കേരളത്തിനുവേണ്ടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങാമെന്നാണ് ഇതിൽ സൂചിപ്പിച്ചിരുന്നത്.

പ്രാഥമിക ഹൗസിംഗ് വായ്പാസംഘങ്ങളുടെ പ്രവർത്തനം

27 (*777) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;